(സി) ഇവർക്ക് നൽകി വരുന്ന കമ്മീഷൻ വളരെ തുച്ഛമാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവർക്ക് കമ്മീഷൻ വർദ്ധിപ്പിച്ച് നൽകുവാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിൽ ആകെ 1191 ജീവനക്കാരുണ്ട്.

(ബി) 3266 പേർ.

(സി&ഡി) ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർക്ക് അവരുടെ കളക്ഷൻ തുകയ്ക്ക് ആനുപാതികമായി 11/2 മുതൽ 4% വരെ കമ്മീഷൻ ബാങ്കുകൾ നല്കുന്നുണ്ട്. ഈ നിരക്ക് കുറവാണെന്ന് കരുതുന്നില്ല.

ജില്ലാ സഹകരണ ബാങ്കുകൾക്കുള്ള ഓവർഡ്രാഫ്റ്റ്

114 (1266) ശ്രീ. പി. ജെ. ജോയി :

ശ്രീ. കെ. സുധാകരൻ :

ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട് ;

(ബി) എന്തുതുക വീതമാണ് ഓരോ ജില്ലാ ബാങ്കും ഓവർ ഡ്രാഫ്റ്റ് എടുത്തത് ;

(സി) ഈ തുക എന്താവശ്യത്തിനാണ് ജില്ലാ സഹകരണ ബാങ്കുകൾ വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 14 ജില്ലാ സഹകരണ ബാങ്കുകളും അവരുടെ കറന്റ് അക്കൗണ്ടിൽ സ്ഥിരനിക്ഷേപത്തിന്റെ ഈടിന്മേൽ ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ലാ സഹകരണ ബാങ്ക്	ഓവർ ഡ്രാഫ്റ്റ് തുക (ലക്ഷത്തിൽ)
1.	തിരുവനന്തപുരം	900.00
2.	കൊല്ലം	122.00
3.	ആലപ്പുഴ	75.00
4.	കോട്ടയം	50.00
5.	എറണാകുളം	250.00
6.	തൃശ്ശൂർ	100.00
7.	പാലക്കാട്	300.00
8.	മലപ്പുറം	300.00
9.	കോഴിക്കോട്	1600.00
10.	കണ്ണൂർ	100.00
11.	ഇടുക്കി	416.00
12.	വയനാട്	100.00
13.	പത്തനംതിട്ട	300.00
14.	കാസർഗോഡ്	60.00
	ആകെ	4673.00

(സി) മാസ്ക് ഇടപാടുകൾക്കു വേണ്ടിയാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.

സഹകരണവകുപ്പിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

115 (1267) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) സഹകരണസംഘങ്ങളിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാരുടെയും സംഘങ്ങളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലെ ജീവനക്കാരുടെയും വേതനനിരക്ക് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് 1-3-1997 മുതൽ പ്രാബല്യം നൽകികൊണ്ട് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly